അപര നാമത്തിൽ അറിയപ്പെടുന്ന ഉളുരുവിലെ Ayers Rock ആയിരുന്നു പ്രഥമ പരിഗണന. കൂടാതെ ഓപ്പൽ മൈനുകളുടെ കേന്ദ്രമായ ഭൂമിക്കടിയിലെ പട്ടണം എന്നറിയപ്പെടുന്ന കൂബർ പീഡിയും.

ഉളുരുവെന്ന എന്ന അബോർജ്ജിനൽ ഗ്രാമം അറിയപ്പെടുന്നത് 'അനഗുവെന്ന അബോർജിനൽ വംശരുടെ വിശുദ്ധ സ്ഥലമെന്നാണ്.' 1873–ൽ സർവ്വേയർ വില്ല്യം ഗോസ്സ് ഈ ലാൻഡ് മാർക്ക് കണ്ടെത്തുകയും സൗത്ത് ഓസ്ട്രേലിയയിലെ ചീഫ് സെക്രട്ടറിയായിരുന്ന സർ ഹെൻറി അയേഴ്സിന്റെ ബഹുമാനാർത്ഥം ആ സ്ഥലത്തെ അയേഴ്സ് റോക്കെന്ന് നാമകരണം ചെയ്യുകയും ചെയ്തു. ഉദയത്തിലും അസ്തമയത്തിലും അതുപോലെ വർഷത്തിലെ ഓരോ സീസണിലും അയേഴ്സ് റോക്കിന്റെ നിറം മാറുന്നുവെന്ന പ്രത്യേകത എടുത്തു പറയപ്പെടേണ്ടിയിരിക്കുന്നു. ഇനി കൂബർ പീഡിയെക്കുറിച്ച്.

'കൂബർ പീഡി' എന്നത് അബോർജ്ജിനൽ വാക്കായ 'കുപ പിട്ട' എന്നതിന്റെ ആംഗലീകരിക്കപ്പെട്ട പതിപ്പാണ്, അർത്ഥം 'വൈറ്റ് മാൻ ഒരു ദ്വാരം' എന്നാണ്. 1915 മുതൽ ഈ മരുഭൂമിയുടെ ഭൂപ്രകൃതി ലോകപ്രശസ്തമാണ്. മരുഭൂമിയിലെ ഭൂഗർഭ കെട്ടിടങ്ങൾ, അല്ലെങ്കിൽ അവർ പ്രാദേശികമായി വിളിക്കപ്പെടുന്ന 'ഡുജൗട്ടുകൾ' എന്ന തുറന്ന ഗുഹ (ഭൂഗർഭ ബാർ), മൂന്ന് അണ്ടർഗ്രൗണ്ട് ക്രിസ്ത്യൻ പള്ളികൾ, മ്യൂസിയങ്ങൾ, ടോം ന്റെ ഓപൽമൈൻ എന്നിവയെല്ലാം അവിടുത്തെ ആകർഷണങ്ങളാണ്.

> “ ഉളുരുവെന്ന എന്ന അബോർജ്ജിനൽ ഗ്രാമം അറിയപ്പെടുന്നത് 'അനഗുവെന്ന അബോർജിനൽ വംശരുടെ വിശുദ്ധ സ്ഥലമെന്നാണ്.' 1873 - ൽ സർവ്വേയർ വില്ല്യം ഗോസ്സ് ഈ ലാൻഡ് മാർക്ക് കണ്ടെത്തുകയും സൗത്ത് ആസ്ട്രേലിയായിലെ ചീഫ് സെക്രട്ടറിയായിരുന്ന സർ ഹെൻറി അയേഴ്സിന്റെ ബഹുമാനാർത്ഥം ആ സ്ഥലത്തെ അയേഴ്സ് റോക്കെന്ന് നാമകരണം ചെയ്യുകയും ചെയ്തു. ”

സാധാരണയുള്ള കാർയാത്ര മാറ്റി ക്യാംപർവാൻ എടുത്ത് പോകുവാനുള്ള ആഗ്രഹം വന്നതു രണ്ടു കാരണങ്ങളാലാണ്. ഒന്നാമത് മക്കൾ ഏതോ പഴയ യൂട്യൂബ് വീഡിയോ കണ്ടിട്ട് കുറച്ചായി ഇതേ പറ്റി പറയാൻ തുടങ്ങിയിട്ട്, രണ്ടാമത്തെ കാരണം ഷോർട്ട് പിരീഡ് നോട്ടീസിൽ അയേഴ്സ് റോക്ക് റിസോർട്ടിൽ താമസത്തിന് ഒരു രാത്രി യ്ക്ക് ഏകദേശം അഞ്ഞൂറോളം ഡോളർ ചെലവാക്കേണ്ടിവരും. അഞ്ചു ദിവസമായിരുന്നു ടോട്ടൽ പ്ലാൻ.

ഗൂഗിൾ അമ്മാവനെ അഭയം പ്രാപിച്ചു ക്യാംപർവാനിനെ പറ്റി അത്യാവശ്യം മനസ്സിലാക്കി. രണ്ട് പ്രധാന കമ്പനിയായ Britz, Apollo എന്നിവ മാത്രമേ നോക്കിയുള്ളൂ. അതിന് പ്രധാന കാരണം ആളുകളുടെ റിവ്യൂവും 24 മണിക്കൂർ റോഡ്സൈഡ് അസിസ്റ്റൻസും ആയിരുന്നു. കുറച്ചു വിലപേശൽ ഒക്കെ നടത്തി അവസാനം Britz ന്റെ 6 Seater/6 Sleeper ആണ് ബുക്ക് ചെയ്തത്. നാല് പേരടങ്ങുന്ന ഫാമിലി ആണെങ്കിലും വാൻ എടുക്കുമ്പോൾ ആറുപേർക്ക് ഉള്ളതാണ് നല്ലത് എന്നു തോന്നുന്നു.





> ‘കൂബർ പീഡി’ എന്നത് അബോർജ്ജിനൽ വാക്കായ ‘കുപ പിട്ട’ എന്നതിന്റെ ആംഗലീകരിക്കപ്പെട്ട പതിപ്പാണ്, അർത്ഥം ‘വൈറ്റ് മാൻ ഒരു ദ്വാരം’ എന്നാണ്. 1915 മുതൽ ഈ മരുഭൂമിയുടെ ഭൂപ്രകൃതി ലോകം പ്രശസ്തമാണ്.

ക്യാബിനിൽ രണ്ടുപേർക്ക് കൂടാതെ നാലുപേർക്ക് സീറ്റ് ബെൽറ്റും നടുവിലൊരു ടേബിളും ഉണ്ടാവും. അങ്ങനെ ഒരു സെറ്റപ്പ് ആയത് കൊണ്ട് മക്കൾ എന്തെങ്കിലും ആക്റ്റിവിറ്റിയൊക്കെ ചെയ്തോളും. രണ്ടു സീറ്റു മാത്രമുള്ള വണ്ടി ആണെങ്കിൽ കാറിലെ പോലെ അനങ്ങാൻ പറ്റാതെ ഇരുന്നാൽ അവർക്ക് നല്ല ബോറായിരിക്കും.

പിന്നെ ചെയ്തത് ട്രിപ്പ് പ്ലാനിങ് ആയിരുന്നു. ഒരു ദിവസം എത്ര ദൂരം, ഏതൊക്കെ സ്ഥലങ്ങൾ എന്നതൊക്കെ റഫ് ആയി ഒരു ഐഡിയ ഉണ്ടാക്കി. താമസിക്കാനുള്ള സ്ഥലങ്ങളിൽ ക്യാരവാൻ പാർക്ക് ബുക്ക് ചെയ്തു. Powered site ബുക്ക് ചെയ്താൽ മാത്രമേ രാത്രി ഉറങ്ങുമ്പോൾ നമ്മുടെ വാനിലെ എസി വർക്ക് ചെയ്യു എന്ന് ഇതിനിടെ മനസ്സിലാക്കിയത് കൊണ്ട് അങ്ങനെ തന്നെ ബുക്ക് ചെയ്യാൻ പറ്റി.

കൂബർ പീഡിയിൽ അണ്ടർഗ്രൗണ്ട് ഹോട്ടൽ ഒരു നല്ല അനുഭവമാകും എന്നറിഞ്ഞതുകൊണ്ട് ഒരു രാത്രിയിൽ ഹോട്ടൽ റൂം ബുക്ക് ചെയ്തു. അഞ്ചുദിവസം 3300 കിലോമീറ്റർ ഇതായിരുന്നു ട്രിപ്പ് പ്ലാൻ.

ആദ്യ ദിവസം രാത്രി പോർട്ട്അഗസ്റ്റ തങ്ങി. പിറ്റേന്ന് രാവിലെ കൂബർ പീഡിക്കു തിരിച്ചു. ആദ്യമായ് ക്യാംപർവാനിൽ ഉറങ്ങിയ ദിവസം മക്കൾ ഭയങ്കര എക്സൈറ്റഡ് ആയിരുന്നു. ടോയ്‌ലറ്റ്, ഷവർ, അടുക്കള, ഫ്രിഡ്ജ് ഒക്കെയുള്ള വാൻ ആണ് എടുത്തിരുന്നതെങ്കിലും ടോയ്‌ലറ്റ് അത്യാവശ്യത്തിനു മാത്രമാണ് വാനിലുള്ളത് ഉപയോഗിച്ചത്. പ്രധാന കാരണം നമ്മൾ തന്നെ രണ്ടു ദിവസം കൂടുമ്പോൾ വേസ്റ്റ് ഏതെങ്കിലും ക്യാരവാൻ പാർക്കിൽ

കളയണം എന്നതായിരുന്നു. ഓരോ പെട്രോൾ സ്റ്റേഷൻ എത്തിയപ്പോഴും മറക്കാതെ ഇന്ധനം നിറച്ചു. വലിയ വണ്ടി ആയതുകൊണ്ട് മൈലേജ് കുറവായിരുന്നു. ചെറിയ ചെറിയ പട്ടണങ്ങൾ ഏകദേശം 200 കിലോമീറ്റർ ദൂരത്തിലും ഉണ്ട്. ശ്രദ്ധിച്ച ഒരു കാര്യം ഇതിൽ പലതും നടത്തുന്നത് ഇന്ത്യക്കാർ ആണെന്നാണ്.

പോകുന്ന വഴിയിലുള്ള ഒരു ചെറുപട്ടണമാണ് Glendambo. അവിടുത്തെ ഒരു സൈൻബോർഡ് വളരെ പ്രസിദ്ധമാണ്. അതിൽ പറയുന്നത് പ്രകാരം എലിവേഷൻ–150m, ടോട്ടൽ ഷീപ് –22,500 ടോട്ടൽ ഫ്ളൈസ് 2-,000-,000(aprx) ഹ്യൂമൻസ് – 30

അങ്ങനെ വൈകുന്നേരം കൂബർ പീഡി എത്തി ഹോട്ടലിൽ ചെക്ക് ചെയ്തു പുറത്തുകറങ്ങാൻ പോയി, ഇതിനിടെ ചെറിയ മോൻ വീണ് നെറ്റി പൊട്ടി ആശുപത്രിയിലെ എമർജൻസിയിൽ പോകേണ്ടി വന്നെങ്കിലും അഡലൈഡ് പോലെ നാലഞ്ച് മണിക്കൂർ വെയിറ്റ് ചെയ്യേണ്ടി വന്നില്ല. ഒരു മണിക്കൂറുകൊണ്ട് ഡ്രസ്സിംഗ് ഒക്കെ കഴിഞ്ഞു തിരിച്ചു റൂമിൽ എത്തി.

പിറ്റേദിവസം നേരെ ഉളുരുവിലേക്ക് യാത്രപുറപ്പെട്ടു. വളരെ വിജനമായ റോഡുകൾ. പോകുന്ന വഴിയിൽ കണ്ട ഒരു പ്രത്യേകത അരമണിക്കൂർ ഒക്കെ കഴിയുമ്പോൾ കാണുന്ന വാഹനത്തിലെ എല്ലാ ഡ്രൈവർമാരും കൈയുയർത്തി ഹായ് പറഞ്ഞിട്ട് പോകും. നോർത്തേൺ ടെറിട്ടറി ബോർഡർ കഴിഞ്ഞപ്പോൾ സ്പീഡ് 110 നിന്നും 130 ആണെങ്കിലും 110 മാത്രമേ വാൻ പോവാൻ പാടുള്ളൂ എന്ന കർശന നിബന്ധന വാൻ എടുക്കുമ്പോൾ



ഷിനോയി ചന്ദ്രനും കുടുംബവും

തന്നത് കാരണം 130ൽ പോകാൻ പറ്റിയില്ല.

പോകുന്ന വഴിയിൽ ഒരു സ്ഥലത്ത് റോഡിന് സാധാരണയിൽ കവിഞ്ഞ് വീതി കണ്ടപ്പോൾ എന്താണ് സംഭവം എന്ന് നോക്കി. ഏകദേശം അര കിലോമീറ്റർ ദൂരത്തിൽ റോഡ് സ്പെഷ്യൽ ടാറിങ് ചെയ്തു റോയൽ ഡോക്ടർ സർവീസ് ലാൻഡ് ചെയ്യാനുള്ള സ്പെഷ്യൽ എയർസ്ട്രിപ്പ് ആക്കി മാറ്റിയതാണെന്ന് മനസ്സിലായി.

വൈകിട്ടോടെ അയേഴ്സ് റോക്ക് റിസോർട്ടിലെത്തി. ക്യാരവാൻ

**“ റോഡ് ട്രിപ്പുകളിൽ ഞങ്ങൾ നാലുപേരും ഏറ്റവും ആസ്വദിച്ച ഒരു ട്രിപ്പ് തന്നെയായിരുന്നു ഇത് 'നമ്മൾ എപ്പോഴാ എത്തുക' എന്ന കുട്ടികളുടെ പതിവ് ചോദ്യം ഈ യാത്രയിൽ ഉണ്ടായില്ല എന്നതാണ് ക്യാപർ വാൻ യാത്രയുടെ ഏറ്റവും വലിയ അഡ്വാൻറ്റേജ്. ”**

പാർക്കിലെത്തി ഒന്ന് ഫ്രഷ് ആയ ശേഷം റോക്ക് കാണാൻ പോയി. പോകുന്നതിനു മുൻപ് ഇത്രയും ദൂരം ഒരു പാറ കാണാൻ വേണ്ടി വരണോ എന്നൊരു ആശങ്ക ഉണ്ടായിരുന്നെങ്കിലും, അവിടെയെത്തിയപ്പോൾ വന്നില്ലെങ്കിൽ നഷ്ടമായേനെ എന്ന അവസ്ഥയായി മാറി. സൂര്യാസ്തമയ സമയത്ത് അതിന്റെ കളർ നല്ല ഓറഞ്ച് നിറം ആയിരുന്നു. ഇപ്പോൾ അതിനു മുകളിലേക്ക് കയറാൻ പെർമിഷൻ ഇല്ല. പിറ്റേന്ന് അവിടെയൊക്കെ കറങ്ങി തിരിച്ച് കൂബർപീഡി വന്നു. അടുത്തദിവസം അവിടെ കുറച്ച് കറങ്ങി അഞ്ചാം ദിവസം തിരിച്ചു വീട്ടിലെത്തി.

റോഡ് ട്രിപ്പുകളിൽ ഞങ്ങൾ നാലുപേരും ഏറ്റവും ആസ്വദിച്ച ഒരു ട്രിപ്പ് തന്നെയായിരുന്നു ഇത് 'നമ്മൾ എപ്പോഴാ എത്തുക' എന്ന കുട്ടികളുടെ പതിവ് ചോദ്യം ഈ യാത്രയിൽ ഉണ്ടായില്ല എന്നതാണ് ക്യാംപർ വാൻ യാത്രയുടെ ഏറ്റവും വലിയ അഡ്വാൻറ്റേജ്. അങ്ങനെ ഓസ്ട്രേലിയായുടെ ഹൃദയവും ആത്മാവുമറിഞ്ഞ് ഞങ്ങൾ തിരികെ വന്നപ്പോൾ കുട്ടികൾക്കൊപ്പം അവർ ജീവിക്കുന്ന നാടിന്റെ സംസ്കാരത്തിലേക്ക് നടത്തിയ യാത്ര അവരുടെ ജീവിത യാത്രയിൽ എന്നും ഒരു മുതൽക്കൂട്ടായിരിക്കുമെന്ന വിശ്വാസം ഞങ്ങളുടെ യാത്രയുടെ ഭംഗി വീണ്ടും വർദ്ധിപ്പിച്ചു. പോകുവാൻ സാധിക്കുമെങ്കിൽ ഒരു തവണയെങ്കിലും ഈ നാടിന്റെ സംസ്കാരങ്ങളുറങ്ങുന്ന ഉൾനാടൻ പ്രദേശങ്ങളിലേക്ക് നിങ്ങൾ സഞ്ചരിക്കുക... ഓരോ നാടും സുന്ദരമാണ്... ഓരോ വഴികളും സുന്ദരമാണ്... ഇനിയും തുടരേണ്ട യാത്രകൾക്ക് ആശംസകൾ അർപ്പിച്ചുകൊണ്ട് തുടരുന്നു ഞങ്ങളുടെ യാത്രകൾ... ●

# ചില സൗത്ത് ഓസ്ട്രേലിയൻ ഭൂവിസ്മയങ്ങൾ



*"നീ കണ്ട സ്ഥലങ്ങളെല്ലാം എത്രയോ മനോഹരം, ഇനി കാണാനിരിക്കുന്നത് അതിലും എത്രയോ മനോഹരം."*

രഞ്ജിത്ത് നൈനാൻ മാത്യു

ഓസ്ട്രേലിയയ്ക്ക് പ്രകൃതി കനിഞ്ഞു നൽകിയതാണ് ഈ സൗന്ദര്യമത്രയുമെന്ന് ചിലപ്പോൾ തോന്നാറുണ്ട്. മനസിനെ കോരിത്തരിപ്പിക്കുന്ന പ്രകൃതിയുടെ മനോഹാരിതയുടെ വ്യത്യസ്തമായ പുതിയ മുഖങ്ങൾ തേടിയുള്ള യാത്രയിൽ എനിക്ക് ഒത്തിരി ഇഷ്ടപെട്ട ചില സ്ഥലങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഇവിടെ കുറിക്കുന്നു.

## പിൽഡപ്പ പാറ


ആയിരത്തി അഞ്ഞൂറ് ദശലക്ഷം വർഷങ്ങൾക്ക് മുൻപ് രൂപപ്പെട്ട പിൽഡപ്പ പാറ, പരന്നു കിടക്കുന്ന ഗൗളർ ക്രേറ്റന്റെ ഭാഗവും, മധ്യഐറി പെനിൻസുല വരെ കിടക്കുന്ന ഭൂവിജ്ഞാനീയ ദേശത്തുമാണ് സ്ഥിതി ചെയ്യുന്നത്. സമനിലത്തിൽ നിന്നും ഉയർന്നു വന്നിട്ടുള്ളതാണ് പിൽഡപ്പ പാറ.

മിന്നിപ്പയിൽ നിന്നും പതിനഞ്ചു കിലോമീറ്റർ മാറിയാണ് പിൽഡപ്പ പാറ സ്ഥിതി ചെയ്യുന്നത്. പ്രദേശവാസികൾ അഭിമാനത്തോടെ പിൽഡപ്പ പാറയെ വെസ്റ്റേൺ ഓസ്ട്രേലിയയിൽ സ്ഥിതി ചെയ്യുന്ന വേവ് പാറ യുമായി താരതമ്യപെടുത്തുകയും, സൗത്ത് ഓസ്ട്രേലിയയുടെ പ്രകൃതി ഭംഗിക്ക് മുതൽ കൂട്ടാണ് ഈപാറയെന്ന് പറയുകയും ചെയ്യാറുണ്ട്.

പിൽഡപ്പ പാറ പിങ്ക് ഗ്രാനൈറ്റാണെന്നുള്ള വസ്തുത നമ്മിൽ കൗതുകം ജനിപ്പിക്കുക തന്നെ ചെയ്യും. ആദിത്യ കിരണങ്ങൾ പിൽഡപ്പ

പിൽഡപ്പ പാറ





മർഫീസ് ഹേ സ്റ്റാക്സ്

> “ ജോൺ ഹാലറ്റ് എന്നയാൾ 1887 - ൽ അസംസ്കൃത പദാർത്ഥങ്ങൾ അന്വേക്ഷിച്ച് ആ പ്രദേശത്ത് ചെന്ന ഓർമ്മയ്ക്കായിട്ടാണ് ഹാലറ്റ് കോവ് എന്ന നാമം നൽകിയിരിക്കുന്നത്. അബോർജിനാൽ വിഭാഗത്തിൽ പെട്ട ആളുകളായിരുന്നു ഈ ഭൂപ്രകൃതിയുടെ അവകാശികൾ. ”

പാറയിൽ പതിക്കുമ്പോൾ അതിന് ചിലപ്പോൾ വ്യത്യസ്ഥമായ നിറങ്ങളും സമ്മാനിക്കാറുണ്ട്.

ആ പാറയുടെ മുകളിൽ കയറി നിന്ന് നോക്കിയാൽ ഗൗളർ റേഞ്ചസും, ബ്ലൂസ്സ്സും കാണുവാൻ കഴിയും. പാറയുടെ മുകളിൽ കയറുമ്പോൾ അവിടെ വലിയ ഗർത്തങ്ങൾ കാണുവാൻ സാധിക്കും, ആ ഗർത്തങ്ങൾ മഴവെള്ളം കെട്ടിക്കിടന്ന് രൂപപ്പെട്ടതായി പറയപ്പെടുന്നു.

## മർഫീസ് ഹേ സ്റ്റാക്സ്

മർഫീസ് ഹേ സ്റ്റാക്സെന്ന ഈ പേര് കേൾക്കുമ്പോൾ നിങ്ങൾക്കൊരു കൗതുകം തോന്നുക സ്വാഭാവികമാണ്. അങ്ങനെ പേര് വരുവാനുള്ള കാരണമാണ് ആദ്യം വിവരിക്കുവാൻ പോകുന്നത്.

ഒരു യാത്രക്കാരൻ വർഷങ്ങൾക്ക് മുൻപ് ആ വഴി കടന്നുപോയപ്പോൾ വളരെ ദൂരെ നിന്നും ഉയർന്നു നിൽക്കുന്ന ആ പാറക്കൂട്ടങ്ങൾ കാണുകയും, അത് കച്ചി കൂട്ടമാണെന്ന് തെറ്റിധരിക്കുകയും ചെയ്തു. സംശയം തീർക്കുവാനായി ഗൈഡിനോട് ഒരു കൃഷിക്കാരന് എങ്ങനെ ഇത്രയും കച്ചി (ഹേ), ഉൽപാദിപ്പിക്കുവാൻ കഴിയുമെന്ന് ചോദിച്ചു. ആ ഫാം മർഫിയെന്നൊരു കർഷകന്റെ സ്ഥലമായിരുന്നു. അതിൽ പിന്നീട് ആ പാറകൂട്ടങ്ങൾ മർഫീസ് ഹേ സ്റ്റാക്സ് എന്നാണ് അറിയപ്പെടുന്നത്.

ഈ സ്ഥലം ഇന്ന് സൗത്ത് ഓസ്ട്രേലിയയിലെ പൈതൃക പട്ടികയിൽ ഇടം പിടിച്ചിരിക്കുന്നു. ഇത് സ്ഥിതി ചെയ്യുന്നത് മൊർട്ടാന എന്ന സ്ഥലത്താണ്. സ്ട്രീക്കീ ബെയ്ക്കും, പോർട്ട് കെന്നിക്കും ഇടയ്ക്കുള്ള സ്ഥലമെന്ന് പറയാം.

സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ നിൽക്കുന്ന മർഫീസ് ഹേ സ്റ്റാക്സ് പ്രകൃതിയുടെ സമ്മാനമെന്ന് കരുതി ആ പാറക്കൂട്ടങ്ങളെ സംരക്ഷിക്കുകയും, അത് കാഴ്ചക്കാർക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. പുരാണകഥകളിൽ നാഗങ്ങൾ പത്തി വിടർത്തി നിൽക്കുന്നത് പോലെയാണ് മർഫീസ് ഹേസ്റ്റാക്സ് കാറ്റിനോട് പട പൊരുതി അവിടെ നിൽക്കുന്നത്.

## ഹാലറ്റ് കോവ്

ഹാലറ്റ് കോവിലേക്ക് നടക്കുമ്പോൾ സഞ്ചരിച്ച വഴികളിലൂടെ

ഒരു പുനർ യാത്രയായിരുന്നു എന്റെ ലക്ഷ്യം.

മുൻപ് പലപ്പോഴും ആ കടൽക്കരയിൽ ചിലവഴിച്ച ചില നിമിഷങ്ങളുടെ ഓർമ്മകൾക്ക് പുനർജ്ജന്മം നൽകുവാൻ ഇങ്ങനെയുള്ള യാത്രകൾക്ക് കഴിയാറുമുണ്ട്. കടൽ ഇടയ്ക്കിടയ്ക്ക് കരയിലെ ആ പാറക്കൂട്ടങ്ങളോട് കിന്നാരം പറഞ്ഞ് മടങ്ങി പോകുന്ന കാഴ്ചയിൽ, അവർ തമ്മിലുള്ള പ്രണയത്തിന്റെ ഈരടികൾ തുളുമ്പി നിൽക്കുന്നതുപോലെ കാഴ്ചക്കാർക്ക് ഉറപ്പായിട്ടും തോന്നാതെയിരിക്കില്ല.

ജോൺ ഹാലറ്റ് എന്നയാൾ 1887-ൽ അസംസ്കൃത പദാർത്ഥങ്ങൾ അന്വേഷിച്ച് ആപ്രദേശത്ത് ചെന്ന ഓർമ്മയ്ക്കായിട്ടാണ് ഹാലറ്റ് കോവ് എന്ന നാമം നൽകിയിരിക്കുന്നത്. അബോർജിനൽ വിഭാഗത്തിൽ പെട്ട ആളുകളായിരുന്നു ഈ ഭൂപ്രകൃതിയുടെ അവകാശികൾ. അവർ ഉപയോഗിച്ചിരുന്ന ശിലാനിർമ്മിത പണിയായുധങ്ങൾ 1934 ൽ ഹാലറ്റ് കോവിൽ നിന്ന് ആദ്യമായി കണ്ടുകിട്ടി. മനുഷ്യന്റെ കരകൗശല സാമർത്ഥ്യഫലമായി നിർമ്മിതമായ 1700 ൽ പരം പുരാവസ്തുക്കൾ കഴിഞ്ഞ മുപ്പത് വർഷങ്ങൾക്കിടയിൽ ആ പ്രദേശത്ത് നിന്നു ലഭിക്കുകയുമുണ്ടായി. അവയെല്ലാം ഇന്ന് സൗത്ത് ഓസ്ട്രേലിയൻ മ്യൂസിയത്തിന്റെ ഭാഗമായി തീർന്നിരിക്കുന്നു.

## ഹാലറ്റ് കോവ് ബീച്ച്

മുഴുവൻ പാറകളാൽ നിറയപ്പെട്ടിരിക്കുന്ന ഒരു കടൽത്തീരമെന്ന് പ്രഥമകാഴ്ചയിൽ നമ്മൾക്ക് തോന്നുമെങ്കിലും അവിടെ നിന്നുള്ള കാഴ്ച വിശാലവും, ഭീതിപ്പെടുത്തുന്നതുമാണ്.

അങ്ങിങ്ങായി നില്ക്കുന്ന കുറ്റിച്ചെടികൾ ആ കടൽത്തീരത്തിന് അഭൗമമായ ഒരു സൗന്ദര്യം പ്രദാനം ചെയ്യുന്നുമുണ്ട്. വിശാലമായി കിടക്കുന്ന പുൽത്തകിടിയും, ധാരാളം കളി സ്ഥലങ്ങളും, ബാർബി ക്യൂവിനുള്ള സൗകര്യവുമെല്ലാം അവിടേക്ക് ധാരാളം ആളുകളെ ആകർഷിക്കുന്ന ഘടകങ്ങളാണ്.

## ഷുഗർ ലോഫ്

ഒറ്റ നോട്ടത്തിൽ ഈ ഷുഗർ ലോഫ് മനുഷ്യ നിർമ്മിതമാണെന്ന് നമുക്ക് തോന്നിപോയിട്ടുണ്ടെങ്കിൽ, നമ്മുടെ കണ്ണുകൾ നമ്മെ കബളിപ്പിക്കുകയാണെന്ന് ഉറപ്പിച്ചോളൂ.

ഷുഗർ ലോഫ് ഭൂമിശാസ്ത്രപരമായ വിസ്മയ ഹേതുവായി ഹാലെറ്റ് കോവ് കൺസർവേറ്റീവ് പാർക്കിൽ സ്ഥിതി ചെയ്യുന്നു. അതിന് മോഹിപ്പിക്കുന്ന ഹിമപരപ്പിന്റേയും, കടലിടുക്കിന്റെയുമൊക്കെ കഥകൾ അവിടെ



ഹാലറ്റ് കോവ്



ഹാലറ്റ് കോവ് ബീച്ച്

യെത്തുന്ന ഓരോ സന്ദർശകനോടും പറയാനുണ്ടാകും.

ലോഫിന്റെ ഏതാണ്ട് മധ്യത്തിലായി കുന്നുകളാൽ ചുറ്റപ്പെട്ട സമതല ഭൂമിയിൽ ഹിമത്തട്ടാലുണ്ടായ മഞ്ഞു തടാകമുണ്ടായിരുന്നു. കോടാനുകോടി വർഷങ്ങൾക്ക് മുൻപുള്ള ചരിത്ര സത്യങ്ങളാണ് ഈ പറഞ്ഞതത്രയും.

ഷുഗർ ലോഫിലേക്ക് സൂക്ഷിച്ചു നിരീക്ഷിച്ച എനിക്ക് അവിടെ പല നിറങ്ങളിലുള്ള എക്കൽപാളികൾ കാണുവാൻ കഴിഞ്ഞു.

അസ്ഥിവാരം... ഇരുണ്ട ചുവപ്പ് നിറത്തിലാണ് കാണപ്പെടുന്നത്.

മധ്യ അടുക്ക് – സാന്ദ്രത കുറഞ്ഞ വെള്ള നിറത്തോട് കൂടിയ മണൽത്തരികൾ, മഞ്ഞുപാളികൾ ഉരുകി മാറിയപ്പോൾ അവിടെ എക്കൽ പാളികൾ പോലെ രൂപപ്പെട്ട് ദൃഢമായി തീർന്നിരിക്കുന്നു.

മേലാഗ്രത്തിലുള്ള പാളി: പോഷക നദികളുടേയും ചുറ്റുമുള്ള ഭൂമിയുടേയും മൗണ്ട് ലോഫ്ടി റേഞ്ചിലെയും മണ്ണുപാളികൾ ഷുഗർ ലോഫിന്റെ മേലാഗ്രത്തിലുള്ള പാളിയായി പരിണമിച്ചിരിക്കുന്നു. ഇതെല്ലാം ഇരുനൂറ്റി എൺപത് മില്യൺ വർഷങ്ങൾക്ക് മുൻപേ വന്നു ഭവിച്ച രൂപമാറ്റങ്ങളാണ്.

ആഞ്ഞു വീശിയടിക്കുന്ന കടൽകാറ്റ് കുറെ സമയം കൂടി അവിടെ തങ്ങുവാനുള്ള എന്റെ ലക്ഷ്യത്തിന്റെ ചിറകുകൾ ഓടിക്കുക തന്നെ ചെയ്തു.

1976–ൽ ഈ പ്രദേശത്തെ സംരക്ഷിത പ്രദേശമായി വിളംബരം നടത്തിയത് അതിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകകൾ ഒന്നുകൊണ്ട് മാത്രമാണ്. ഈ പ്രത്യേകതകൾ ലോകോത്തരമായ പ്രാധാന്യം അർഹിക്കുന്നതുമാണ്. 280 ദശലക്ഷം വർഷങ്ങൾക്ക് മുൻപുള്ള ഹിമയുഗകാലഘട്ടം മുതലുള്ള പ്രത്യേകതകൾ ആണിവയെന്നു രേഖപ്പെടുത്തിയിട്ടുമുണ്ട്.

ഇതുകൂടാതെ വ്യതസ്തമായ ചെടികളും, പൂക്കളും ആ പ്രദേശത്തെ മനോഹരമാക്കുന്നു. അപൂർവ്വമായ ഇനത്തിൽ പെട്ട പല്ലികളേയും തവളകളേയും അവിടേക്ക് ഒഴുകിയെത്തുന്ന അരുവികൾക്ക് ഇരുവശങ്ങളിലും കാണുവാൻ കഴിയും. അപൂർവ്വയിനം പക്ഷികൾ ആ പ്രദേശത്തെ ശബ്ദമുഖരിതമാക്കിക്കൊണ്ട് സ്വതന്ത്രമായി വിണ്ണിൽ പാറി പറന്നു സഞ്ചരിക്കുന്നു.

യാത്രകളും, വിവരണങ്ങളും ഇവിടെ അവസാനിക്കുന്നില്ല. നയനമനോഹരമായ ഈ കാഴ്ചകളെല്ലാം പ്രകൃതി നമ്മൾക്കായി സമ്മാനിക്കുമ്പോൾ വീണ്ടും വീണ്ടും അവിടേക്ക് യാത്രകൾ നടത്തുവാൻ ആരും കൊതിച്ചു പോകുമെന്നത് നിസ്തർക്കമായ കാര്യമല്ലേ!

# Getting PR to Australia

## Tips for International Students



Renjana Kuriakose




> “Studying in Australia and obtaining a Permanent Residentship are two different entities between which there is a lot to learn-A reckoner for overseas students”

Before being able to call Australia your home, each student must successfully apply for permanent residence on completion of their study in Australia. Many applicants often find that they are not immediately eligible for permanent residence. This is due to the lack of appropriate information about migration rules. The following information will guide the applicants realize their dream of attaining PR in Australia by avoiding all stress and providing an ease for the process.

## Wisely Use - Temporary Graduate Visa

Temporary Graduate visas are a great way to extend your stay in Australia, and it is a two-year visa which has unrestricted work rights. It is available to applicants who have completed two years of full-time study in Australia for the award of certain qualifications (normally a Bachelor degree or higher, but in some cases applicants who have completed a trade qualification may be eligible for 18 months stay under the Graduate Stream of the subclass 485 visa).The students who recently graduated from a regional University may be eligible for a Second graduate visa for one year if they prove their ongoing residence in regional area after the completion of their first temporary graduate Visa. While on Temporary graduate visa, you can increase your points by attaining work experience or doing professional year, NATTI or further English testing.

## Expression of Interest

After getting a positive skill assessment, an applicant must first lodge an Expression of Interest (EOI) under the Skill Select System for getting an invitation for GSM visas. Prior to lodging an EOI the applicant must have a total score of 65 points (including the State sponsorship points) based on age, qualification, experience and English competence. For Independent subclass 189 visa and family sponsored skilled regional Visa Subclass 491, the invitation has been based on higher points and all EOIs are ranked by points score, then by date of lodgment of the EOI.

To be eligible for a Family Sponsored Subclass 491 Visa, your family member must be living in the designated regional area of Australia.

## Skills Assessment- Choose the right Skilled occupation

The first step of the General Skilled Migration is to nominate an occupation from the approved Skilled Occupation List (MLTSSL, STSOL) and undergo a skill assessment by an assessing authority. The criteria for skill assessment is different for each occupation and relies generally on qualifications, work experience, English language ability, registration or a combination of all the above.

Please note that those who are looking for a Subclass 189 Skilled Independent visa or a Family Sponsored 491 visa, their occupation must be in the Medium and long term Skilled Occupational list (MLTSSL). If you are looking for a State and Regional visa of a particular State your skilled occupation must be in the Skilled occupational list of that State.

> “Temporary Graduate visas are a great way to extend your stay in Australia, and it is a two-year visa which has unrestricted work rights.”

## Get nominated by a State

There are two GSM visas which states and territories can nominate for:

Skilled - Nominated Subclass 190- permanent visa, allowing you to live anywhere in the invited state or territory and you will get extra 5 points for State Sponsorship.

Skilled - Regional Provisional Subclass 491- 5 year provisional visa, requiring you to live and work in a regional area and earn an annual income of $53900 for 3 years to be eligible for a permanent residency and you will get an extra point of 15 for State sponsorship.

Please note – in order to be eligible for a State nomination you must meet the State Criteria's for each occupation in addition to your points.

## Maximize your English Score

All GSM visas require at least competent English (6 or more in each of the 4 bands of IELTS) or equivalent PTE /OET/TOEFL. One of the best ways to improve your chances of qualifying for general skilled migration is to achieve a level of English higher than competent English. If you score proficient English (IELTS 7 Each) you can claim 10 points and if you score Superior English (IELTS 8 each) you can claim another 10 points.

## Gain Work Experience

Most of the States require the applicant to have a work experience in their nominated skilled occupation. The applicant must have worked for 20 hours in a week in their nominated skilled occupation (casual/permanent). The period of work experience will differ for each state as they have a set criterion.




## Improve your Points

If you complete a qualification that takes at least 2 academic years of study in Australia, this will give you 5 points and students completing 2 years of study in a regional campus receive 5 extra points. If you have a master's degree by research or a Doctorate in a relevant field, you will gain another 5 points.

**Professional Year:** Professional years are available for Accounting, Engineering and IT students. This provides 5 extra points.

**NAATI Translator or Interpreter Test:** If you pass the NAATI translator or interpreter test, this will give you another 5 points.

**Partner points:** If the primary applicant is single, he/she can claim 10 points at the time of application. If the applicant is married, he/she can claim 5 points and if their partner has competent English (IELTS 6 each) and claim another 5 points if they have a positive skill assessment.

## Other Pathways for Permanent Residency

**Employer Sponsorship:** Many students find employer sponsorship a good alternative to General Skilled Migration and which will subsequently open the pathway of permanent residence if the employer is ready to sponsor the applicants.

**Partner Visa:** If your Partner is a permanent resident or Australian /NZ Citizen you may be eligible for a provisional partner visa and subsequently eligible for a permanent residency.

As Australian Immigration Law is constantly changing, it is advisable to keep yourself abreast of the changing requirements by periodically checking the department website and taking advice from a Registered Migration agent.

ചുളിവുകൾ അകറ്റി ചർമ്മത്തിനു തിളക്കം കിട്ടാൻ മാതള നാരങ്ങ നല്ലതാണ്. മാതള നാരങ്ങയുടെ തൊലി അരിഞ്ഞ് പൊടിക്കുക. ഒരു ടേബിൾ സ്പൂൺ പൊടിയിൽ 2 ടേബിൾ സ്പൂൺ മലായ് അല്ലെങ്കിൽ പാൽപ്പാട, ഒരു ടേബിൾ സ്പൂൺ കടലമാവ് എന്നിവ നന്നായി ചേർത്തിളക്കി മുഖത്തും കഴുത്തിലും പുരട്ടുക. 15-20 മിനുട്ടിനു ശേഷം ഇളം ചൂടു വെള്ളത്തിൽ കഴുകി കളയുക.

ഷാജിന സലിൽരാജ്



ഇതു കൂടാതെ മാതളനാരങ്ങ തൊലി ഉണക്കി പൊടിച്ചതിൽ റോസ് വാട്ടർ ചേർത്തിളക്കി കുഴമ്പു രൂപത്തിലാക്കുക. ഇതു മുഖത്തും

# ബ്യൂട്ടി ടിപ്സ്







കഴുത്തിലും പുരട്ടി ഉണങ്ങിയതിനു ശേഷം ഇളം ചൂടു വെള്ളത്തിൽ കഴുകി കളയുക.

അലോവേര നമ്മുടെയൊക്കെ വീട്ടിൽ ഉണ്ടാകുമല്ലോ. അത് നമ്മുടെ മുടിക്കും ചർമ സംരക്ഷണത്തിനും ആരോഗ്യ സംരക്ഷണത്തിനുമെല്ലാം പല തരത്തിലും ഉപയോഗിക്കാം.

മുഖത്തെ ചുളിവുകൾ നീക്കാനും പാടുകൾ മാറ്റാനും തിളക്കം കിട്ടാനും ഏറ്റവും നല്ലൊരു വഴിയാണ് അലോവേരയുടെ ജെൽ മുഖത്ത് പുരട്ടുന്നത്. ഇതിൽ വൈറ്റമിൻ-ഇ ധാരാളം അടങ്ങിയിട്ടുണ്ട്. ഇത് ചർമത്തിന് ഇറുക്കം നല്കുന്ന കൊളാജൻ ഉല്പാദനത്തിനു സഹായിച്ച് മുഖത്ത് ചുളിവുകൾ വീഴുന്നതു തടയുകയും മുഖ ചർമ്മത്തിന് ഇറുക്കം നല്കുകയും ചെയ്യും.

അല്പം പുളിയുള്ള തൈരും നല്ല ശുദ്ധമായ മഞ്ഞൾപ്പൊടിയും ചേർത്ത് കലർത്തി മുഖത്തു പുരട്ടി മസാജ് ചെയ്യുക. ഇത് ഉണങ്ങുമ്പോൾ കഴുകിക്കളയാം. ഇതു ദിവസവും ചെയ്യുന്നത് പല തരത്തിലെ സൗന്ദര്യ ഗുണങ്ങൾ നല്കും. ചർമ്മത്തിന് നിറം നല്കുന്ന ചേരുവകളാണ് ഇവയിൽ രണ്ടിലുമുള്ളത്. നല്ലൊരു സ്വാഭാവിക ബ്ലീച്ചിംഗിന്റെ എല്ലാ ഗുണവും നല്കാൻ തൈര്-മഞ്ഞൾക്കൂട്ടിനു സാധിയ്ക്കും. ഇത് അടുപ്പിച്ച് അല്പനാൾ ഉപയോഗിച്ചാൽ ചർമ്മത്തിന്റെ നിറം വർദ്ധിയ്ക്കുകയും ചെയ്യും.



ജിയോ ബേബി എഴുതി സംവിധാനം ചെയ്ത 'ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ' എന്ന സിനിമ, സാമൂഹിക പുരോഗതിയുടെ അളവുകോൽ അടിത്തറയില്ലാത്തവർ എടുത്തുപയോഗിക്കുന്നതിന്റെ ദൃശ്യാവിഷ്കരണമാണ്. പാരമ്പര്യത്തിന്റെ മാലിന്യ കൂമ്പാരങ്ങൾ ഒഴുകി നടക്കാൻ തക്ക വിധം സാമൂഹിക പശ്ചാത്തലം ഒരുക്കി കൊടുക്കുന്ന കുറെ ആളുകളും മാലിന്യം വന്നടിഞ്ഞു അതിനടിയിൽ പെട്ട് കഷ്ടപ്പെടുന്ന കുറെ ആളുകളും തമ്മിലുള്ള സമരവും സമരസപ്പെടലുമാണ് കഥയിൽ ഉടനീളം. മാലിന്യത്തിൽ നിന്നും പുറത്തേയ്ക്കു വരാൻ ശ്രമിക്കുന്നവർ തർക്ക പ്രദേശമായ പുറമ്പോക്കുകളിലൂടെ നടന്നേ മതിയാകൂ. പുറമ്പോക്കിലെ നിയമം കയ്യൂക്കുള്ളവന്റേതായിരിക്കും.

ഈ സിനിമയിലെ കുടുംബവും അതിന്റെ സാമൂഹിക പശ്ചാത്തലവും ഒരു പ്രതീകം മാത്രമാണ്. ഒരു പ്രത്യേക മതവിഭാഗത്തിൽ മാത്രം കണ്ടു വരുന്ന ഒന്നല്ല പുരുഷ മേൽക്കോയ്മ. പുരുഷന്റെ തീരുമാനം അന്തിമമായിരിക്കും എന്ന അലിഖിത നിയമം പാരമ്പര്യങ്ങളുടെയും ആചാരങ്ങളുടെയും തള്ളിക്കയറ്റം പേറിനടക്കുന്ന എല്ലാ സമൂഹങ്ങളിലും പ്രകടമാണ്. സ്ത്രീ ഒന്ന് ശബ്ദം ഉയർത്തിയാൽ, തനിക്കും അവകാശങ്ങളില്ലേ എന്ന് ചോദിച്ചാൽ ഉരുകി തീർന്നു പോകും എന്ന് ഭയക്കുന്ന കുടുംബ സംവിധാനങ്ങളാണ് സാമൂഹിക വേലിക്കെട്ടുകൾക്കുള്ളിൽ പലപ്പോഴും അടക്കി വച്ചിരിക്കുന്നത്.

സിനിമയിലെ നായകൻ അധ്യാപകനാണ് അയാളുടെ പിതാവ് നാട്ടിലെ മാതൃക പുരുഷനും ചില സംഘടനകളുടെ ഭാരവാഹിയും ആയിരുന്നു. ശാസ്ത്ര പുരോഗതിയുടെ ഭാഗമായി വന്ന മാറ്റങ്ങളെ ഒരിക്കലും ഉൾക്കൊള്ളുവാനാകാതെ പാരമ്പര്യങ്ങളുടെ തടവറയിൽ സ്വന്തം സുഖ സൗകര്യങ്ങൾ ആവോളം ആസ്വദിച്ചു ജീവിക്കുന്നവരാണ് രണ്ടു പേരും. പ്രെഷർ കുക്കറിൽ ഉണ്ടാക്കിയ ചോറും വാഷിംഗ് മെഷീനിൽ അലക്കിയ തുണിയുമൊക്കെ ഒരു തരം ആചാര ലംഘനമാണവർക്ക്. അതിനൊക്കെ ബലിയാടാകാൻ തക്ക വിധം സ്ത്രീകളെ മെരുക്കി എടുക്കുകയും അവരുടെ ജീവിത നിലവാരത്തിന് അളവുകോൽ നിശ്ചയിക്കുകയും ചെയ്യപ്പെട്ടിരിക്കുന്നു. അളവുകോൽ നിശ്ചയിക്കുന്നതാകട്ടെ പ്രത്യേകിച്ച് നിലവാരം ഒന്നും ഇല്ലാത്ത ഇത്തരക്കാരാണ് താനും.



ദിലീപ് ജോസ്

# ഗ്രേറ്റ് ഇന്ത്യൻ കിച്ചനും പാറപ്പുറത്തു വീണ വിത്തുകളും





ഇത്തരം കുടുംബ രീതിക ളുടെ പ്രത്യേകത എന്താണെന്നു വച്ചാൽ ഇവിടെ ബഹുഭൂരിപക്ഷം സ്ത്രീകളും സന്തുഷ്ടരാണ് എന്നതാണ്. അവർക്കു പരിഭവമോ പിണക്കമോ ഇല്ല. മാത്രവുമല്ല പുണ്യം എന്നും കരുതുന്നു .ഇതിനു കാരണം പരമ്പരാഗതമായി അവർക്കു എവിടെ വരെ പോകാം സമൂഹത്തിൽ എങ്ങിനെ മാത്രം ഇടപെടാം എന്നൊക്കെയുള്ള അലിഖിത നിയമങ്ങൾ അവരുടെ ബോധമണ്ഡലത്തിൽ അടിച്ചേൽപ്പിക്കുവാനുള്ള സംവിധാനങ്ങൾ സമൂഹത്തിൽ വളർത്തിയെടുത്തിട്ടുണ്ട് എന്നുള്ളതാണ്. ആധുനിക കാഴ്ചപ്പാടുകളെയും ശാസ്ത്ര പുരോഗതിയെയും ഒക്കെ തങ്ങളുടെ കാഴ്ചപ്പാടുകളുമായി കൂട്ടിക്കലർത്തി സങ്കീർണമാക്കി മാറ്റി പുരോഗമന ആശയങ്ങളെ മലീമസമാക്കുന്നതിൽ ആചാരങ്ങളുടെ പങ്ക് ചെറുതല്ല. അതിനെ സംശയിക്കുകയോ എതിർക്കുകയോ ചെയ്യുന്നവർക്ക് ആചാര ലംഘനങ്ങളുടെ വാൾ മുനയിലൂടെ നടക്കാനകും വിധി.

ജാതി മത സമവാക്യങ്ങൾ ജീവിത നിലവാരങ്ങൾക്കു അളവു കോൽ ഉണ്ടാക്കുന്ന എല്ലാ ജനവിഭാഗങ്ങളിലും ഇത്തരം കുടുംബ സംവിധാനങ്ങൾ കാണാം. അതിന് ഇന്ന മതം എന്നില്ല. ശാസ്ത്ര പുരോഗതിയെ അംഗീകരിക്കേണ്ടി വരുമ്പോൾ അളവുകോലിലെ മാനദണ്ഡങ്ങളും അവർ പുനഃ ക്രമീകരിക്കും. യേശുക്രിസ്തുവിന്റെ വിതക്കാരന്റെ ഉപമ പ്രശസ്തമാണ്. ഒരു വിതക്കാരൻ വിത്ത് വിതയ്ക്കുന്നു കുറെ വിത്തുകൾ പാറപ്പുറത്തു വീണു. അവയിൽ ചിലതു മുളച്ചു പക്ഷെ പെട്ടന്ന് ഉണങ്ങി പോയി. മറ്റു ചിലതു മുൾച്ചെടികൾക്കിടയിൽ വീണു അവ വളർന്നെങ്കിലും മുൾച്ചെടികൾ അവയെ ഞെരുക്കി കളഞ്ഞു. മറ്റു ചിലതു നല്ല മണ്ണിൽ വീണു അവ നല്ല ഫലം പുറപ്പെടുവിച്ചു.

ഒരാളുടെ സാമൂഹിക പുരോഗതി ആ സമൂഹത്തിന്റെ പുരോഗതിയെ ആശ്രയിച്ചിരിക്കും. അത് പാറപ്പുറമാകാം മുൾപ്പടർപ്പാകാം നല്ല നിലമാകാം. എന്നാൽ ഈ മൂന്നിടങ്ങളിൽ വീണ വിത്തുകളും പ്രത്യകം പരാതിയോ പരിഭവമോ ഇല്ലാതെ വളരുകയോ വളരാതിരിക്കുകയോ ചെയ്യുന്നു. ഒരുവന്റെ സാമൂഹിക വേലിക്കെട്ടുകളിൽ ഒതുങ്ങിക്കൂടി സന്തോഷം കണ്ടെത്തുന്നവർ അവരുടെ ഇല്ലായ്മകളെ കുറിച്ചു ബോധവാന്മാരല്ല. സാമൂഹ്യ ബോധവും ശാസ്ത്രബോധവും വളരാത്ത ഒരു സമൂഹത്തിൽ പരാതികളോ പരിഭവങ്ങളോ കുറവായിരിക്കും. ഇത് കുമാരനാശാൻ കുറിച്ച് വച്ചിട്ടുണ്ട്.

'ഒരു വേള പഴക്കമേറിയാൽ ഇരുളും മെല്ലെ വെളിച്ചമായി വരാം'

അതായത് കുറേക്കാലം ഇരുളിൽ കഴിഞ്ഞാൽ പിന്നെ ഇരുളായിരിക്കും വെളിച്ചത്തേക്കാൾ സുഖപ്രദം.

സമൂഹത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ചും അതിൽ കുടുംബത്തിന്റെ സ്ഥാനത്തെക്കുറിച്ചും കുട്ടികൾക്ക് ക്ലാസ് എടുക്കുന്ന നായകൻ ലൈംഗികതയെപ്പറ്റി സംസാരിച്ച ഭാര്യയെ ദേഷ്യത്തോടെ നോക്കുമ്പോൾ അയാളിലെ യാഥാസ്ഥിതികത്വവും പുറത്തു വരുന്നു. സ്ത്രീ സ്വാതന്ത്ര്യത്തിന്റെ അളവുകോൽ മുൾച്ചെടികളായ് വളർന്ന് അവളെ ഞെരുക്കുന്നു. ജോലിക്കു പോകാൻ ശ്രമിക്കുന്ന സ്ത്രീയെ പ്രത്യേകിച്ച് യോഗ്യത ഒന്നുമില്ലാത്ത അമ്മായി അച്ഛൻ ഉപദേശിക്കുന്നതും സമൂഹിക മാനദണ്ഡത്തിന്റെ അളവുകോൽ ഉപയോഗിച്ച് മുൾപ്പടർപ്പായി വളരുന്നതും തേൻ പുരട്ടിയ വാക്കുകളിലൂടെയാണ്.

സ്ത്രീയുടെ പ്രതികരണ ശേഷിക്കും ചെറുത്തു നില്പിനും ആചാര സംരക്ഷകർ വിലയിട്ടിട്ടുണ്ട്. മനുഷ്യവകാശ കമ്പോളത്തിൽ അതെപ്പോഴും ഇടിഞ്ഞിരിക്കും. പൊട്ടിയ ടാപ്പ് മാറ്റാൻ പറയുന്ന ഭാര്യയുടെ ആവശ്യത്തെ ഒരു ചെറിയ ചിരിയിൽ അവഗണിക്കുന്ന പുരുഷ മേധാവിത്വവും ഒരു പ്ലംബറെ നേരിട്ട് വിളിക്കാൻ മാത്രം കഴിവില്ലാതെ പോയ സ്ത്രീയുടെ നിസ്സഹായാവസ്ഥയും ഇപ്പോഴും എത്രയോ കുടുംബങ്ങളിൽ കാണാം. സ്വതന്ത്രമായി ചിന്തിക്കുന്ന സ്ത്രീയെ കൊള്ളരുതാത്തവളും മോശക്കാരിയുമായി കാണുന്നവർ പാറപ്പുറത്തു വീണ വിത്തുകളാണ്. അവരോടു തർക്കിച്ചിട്ടു കാര്യം ഇല്ല. അത് ഒരിക്കലും വളരില്ല. ഇത്തരക്കാർക്ക് സ്വതന്ത്രമായി ചിന്തിക്കുന്ന പുരുഷന്മാരോടും പുച്ഛമാണ്. കാരണം സ്വതന്ത്രമായി ചിന്തിക്കുന്നത് പാരമ്പര്യങ്ങളുടെയും ആചാരങ്ങളുടെയും നീർക്കുമിളകൾക്കകത്തു സുഖമായി ജീവിക്കുന്ന ചിലർക്കെങ്കിലും നഷ്ടം ഉണ്ടാക്കും എന്നത് തന്നെ.

# Amma Activities 2019-2021

## *Onam*



Onam event took place at the Croation Club on 7 September 2019. The onamsadya, grand traditional vegetarian lunch, as always, was the main attraction of the event. We served food to more than 1200 people during the afternoon. We had vadam vali competition. There were also different cultural programs by the members. Another attractions of the programme was the arrival of the chakiar who took all audience by his witty tongue.

# Children's Day

We celebrated Children's Day on 1st November 2019 at Cheltenham Community center. There were many competitions for kids aged from 4 to 12 years. There were fun activities in which the parents were also involved. A healthy lunch and snacks was provided.

# Kerala Fest and Xmas



Christmas & Kerala Fest were conducted differently with chosen delicacies from various parts of kerala from Malabar to Trivandrum. The Christmas programs started with cultural programs which included dances, carol songs, music band performance, nativity show etc. The main attraction was the food and the Santa booth, which were something not to be missed.

# Bushfire Relief Auction



AMMA, in association with The Mustard Seed Family Project organised a Bushfire Relief Auction/Sales on Saturday, 8 February 2020. We were able to raise donations of goods and services to the value of $5000 from businesses and individuals. We had a food stall which had a range of varieties including vegetarian and non-vegetarian delicacies.

## Covid 19



The year 2020 started with a terrifying pandemic which continues to have a severe impact on the nations worldwide. AMMA felt the responsibility to support our fellow beings who were affected by the Pandemic. We were able to distribute more than 500 grocery kits to international students and families, with the help of our generous community members and few organisations who whole heartedly partnered with AMMA through discounted groceries and cash contribution for this cause. AMMA also organised Tik Tok competition to support students. The main purpose of this unique programme was to showcase our kids' creativity and to bring a bit of fun overall.

## Amma Christmas &New Year Celebrations

Due to the Covid restrictions and changing lockdown requirements, AMMA had its Christmas celebrations in the month ofJanuary clubbed together with welcoming the New Year. A variety of cultural programs were on display along with food stalls, jewellery and sweet stalls. There was a live band performance who paid tribute to the legendary singer S P Balasubramaniam. The night concluded with a DJ music & dance, and live percussion performance.



## Multicultural Cricket Carnival

Cricket, which unites our nation, India, is a game loved by all. AMMA through its community activities organised its Annual Multicultural Cricket Carnival over two weekends in the months of September and October. The 12 teams who were evovled started off by playing round robin matches and the group leaders then moving on to quarters, semi-finals and finals. Food stalls were organised for both weekends by the committee as the love for south Indian food is something needs no explanation. We also had two under 18 teams playing a junior match with the main aim of promoting the love for the game amongst the upcoming generation. The carnival and food stalls attracted huge number of people, who came along to cheer their teams and enjoy the delicacies served.

## Badminton

AMMA's other annual sports event was the badminton day. This year we had several categories for Badminton, with the main aim of opening this sport to one and all to encourage participation from amateurs to social players. 50 players took part in this game that is gaining popularity year after year. This event was well attended by our community members and they all enjoyed it.

## Amma Twilight Soccer


For the first time in AMMA's history we had the opportunity to host twilight soccer with the opportunity of playing under lights. It was a new experience for all teams that had participated, an experience, that we are sure will be remembered in future. We had a total of 8 teams from all over Adelaide participating in this event.


## Volleyball



The Volleyball tournament was held in June at ARC Campbelltown. This year we had 4 teams battling it out on a cool afternoon. The game was competitive and kept the spectators on their toes.


# Contributors



Gadin Nair


Udhav Varma


Maanas Divya Bejoy


Rhea Ann John



Rhythm Rajiv



Aaditya Pai



Subha Uthup


Hijaz Punathil


Krishna Das


Anish Chacko


Divya Bejoy


Karthika Thannickan



Sumi Anirudhan



Urmila Krishna Das


Deena Saju



Ram Kumar


Sajimon Joseph Varakukalayil


Captain P. K. Rajagopalan


Elizabeth Rajesh


Aneesh Nair


Dr. Ambareesh Mohan


Aju John


Shinoy Chandran


Renjith Ninan Mathew


Renjana Kuriakose


Shajina Salilraj


Dilip Jose

# Editorial Board Members



Karthika Thannickan



Divya Bejoy



Sajimon Joseph



Aju John



Hijaz Punathil

*കാലം അന്യോന്യം അകലം ആവശ്യപ്പെടുമ്പോഴും ഈ മഹാമാരിയുടെ കാലത്ത്*
*മനസുകളെ ചേർത്തു നിർത്താൻ മലയാളപ്പച്ചയുടെ തണൽ.*
*ഇവിടെ പ്രതീക്ഷയുടെ സന്ദേശവുമായി നാം അക്ഷരങ്ങൾ കൊണ്ട് കൂട്ടായ്മയുറപ്പിക്കുന്നു.*
*എല്ലാവരുടെയും ഒരുമയും സ്വരുമയുമാണ് ഈ താളുകളിൽ തെളിയുന്നത്.*
*സഞ്ചാരങ്ങളിൽ വീണ്ടുവിചാരവും സമ്പർക്കങ്ങളിൽ ആത്മനിയന്ത്രണവും പാലിച്ച്*
*ഈ കാലത്തെ നമുക്ക് അതിജീവിക്കാം.*
*ആത്മാർഥതയും സഹകരണവും വേണ്ടുവോളം നൽകി ഈ വാർഷികപ്പതിപ്പിനെ*
*ഏറ്റെടുത്ത എല്ലാവർക്കും  പത്രാധിപസമിതിയുടെ നിറഞ്ഞ നന്ദി.*

